പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1509 16-10-2026-ൽ മറുപടിയ്ക്ക്

എറണാകുളം മഹാരാജാസ് കോളേജിന് സ്ഥിരമായ ഒരു സോഫ്റ്റ്വെയർ സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ ഏക ഗവൺമെന്റ് ഓട്ടോണമസ് കോളേജായ എറണാകുളം മഹാരാജാസിൽ ഓട്ടോണമസ് കോളേജിന് അനുയോജ്യമായ വിധത്തിൽ സ്ഥിരമായ ഒരു സോഫ്റ്റ്വെയർ സംവിധാനം നിലവിലില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം മഹാരാജാസ് ഓട്ടോണമസ് കോളേജിന് അനുയോജ്യമായ വിധത്തിൽ സ്ഥിരമായ ഒരു സോഫ്റ്റ്വെയർ സംവിധാനം നിലവിലില്ല എന്ന വിഷയത്തിന് പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ച് കോളേജ് അധികൃതരുടെയും വകുപ്പ് പ്രതിനിധികളുടെയും യോഗം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽ ഉപയോഗിച്ചു വരുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിച്ച സോഫ്റ്റ്വെയർ കോളേജിന്റെ ആവശ്യങ്ങൾക്കനുസൃതമായി പരിഷ്കരിച്ച് ഉപയോഗിക്കുന്നതിനുള്ള സാധ്യതയും, സമീപത്തെ ഓട്ടോണമസ് കോളേജുകൾ ഉപയോഗിച്ചുവരുന്ന സ്വകാര്യ സോഫ്റ്റ്വെയറുകൾ സർക്കാർ അനുമതിയോടെ വാങ്ങി ഉപയോഗിക്കുന്നതിനുള്ള സാധ്യതയും വിശദമായി പരിശോധിച്ച് അടിയന്തരമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്ഥിരമായ സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഓട്ടോണമസ് കോളേജിന് അനുയോജ്യമായ വിധത്തിൽ സ്ഥിരമായ ഒരു സോഫ്റ്റ്വെയർ സംവിധാനം പ്രസ്തുത കോളേജിൽ നടപ്പിലാക്കുന്നതിനും സ്ഥിരമായ ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം മഹാരാജാസ് ഓട്ടോണമസ് കോളേജിന് അനുയോജ്യമായ വിധത്തിൽ സ്ഥിരമായ ഒരു സോഫ്റ്റ്വെയർ സംവിധാനം നിലവിലില്ല എന്ന വിഷയത്തിന് പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ച് കോളേജ് അധികൃതരുടെയും വകുപ്പ് പ്രതിനിധികളുടെയും യോഗം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽ ഉപയോഗിച്ചു വരുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിച്ച സോഫ്റ്റ്വെയർ കോളേജിന്റെ ആവശ്യങ്ങൾക്കനുസൃതമായി പരിഷ്കരിച്ച് ഉപയോഗിക്കുന്നതിനുള്ള സാധ്യതയും, സമീപത്തെ ഓട്ടോണമസ് കോളേജുകൾ ഉപയോഗിച്ചുവരുന്ന സ്വകാര്യ സോഫ്റ്റ്വെയറുകൾ സർക്കാർ അനുമതിയോടെ വാങ്ങി ഉപയോഗിക്കുന്നതിനുള്ള സാധ്യതയും വിശദമായി പരിശോധിച്ച്

അടിയന്തരമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്ഥിരമായ സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ